(ബി) ഇല്ലെങ്കിൽ മറ്റു പ്രദേശങ്ങളിലേക്ക് പച്ചക്കറി സ്റ്റാളുകൾ നടത്താൻ താല്പര്യമുള്ളവരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടികളാണ് കോർപ്പറേഷൻ കൈക്കൊണ്ടിട്ടുള്ളത്?

ഉത്തരം

(എ) ഇല്ല.

(ബി) ലഭിച്ചുവരുന്നു.

(സി) പച്ചക്കറി സ്റ്റാളുകൾ തുടങ്ങുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് അർഹതപ്പെട്ടവരെ തെരഞ്ഞെടുത്തുവരുന്നു.

100 (392) ഹോർട്ടികൾച്ചറൽ കോർപ്പറേഷൻ വിൽപ്പന കേന്ദ്രം

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ ഹോർട്ടികൾച്ചറൽ കോർപ്പറേഷന്റെ വിൽപ്പനകേന്ദ്രം തുടങ്ങാൻ ഉദ്ദേശിച്ചിരുന്നുവോ;

(ബി) എങ്കിൽ ഈ സ്റ്റാൾ പ്രവർത്തനം തുടങ്ങിയോ;

(സി) എവിടെയാണ് പ്രവർത്തനം തുടങ്ങിയത്;

(ഡി) ഇല്ലെങ്കിൽ മഞ്ചേരിയിൽ വിൽപ്പനകേന്ദ്രം എന്ന് തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉദ്ദേശിച്ചിട്ടുണ്ട്.

(ബി)&(സി) അടുത്തു തന്നെ സ്റ്റാൾ പ്രവർത്തനം തുടങ്ങുന്നതാണ്.

(ഡി) സ്ക്രീനിംഗ് കമ്മിറ്റിക്കുവെച്ച് മഞ്ചേരിയിൽ തുടങ്ങുവാൻ പോകുന്ന വില്പന കേന്ദ്രത്തിന്റെ ലൈസൻസിയെ തിരഞ്ഞെടുത്തിട്ടുണ്ട്. വില്പന കേന്ദ്രത്തിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

101 (393) ജനകീയാസൂത്രണ സമിതികൾ നടീൽ വസ്തുക്കൾ വാങ്ങുന്ന രീതി

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ സമിതികൾ നടീൽ വസ്തുക്കൾ വാങ്ങുമ്പോൾ ഗവൺമെന്റു സ്ഥാപനങ്ങളിൽ ലഭ്യമാകുന്നവ സ്വകാര്യസ്ഥാപനങ്ങളിൽനിന്നും വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിൽ ഇപ്രകാരം വാങ്ങിയിട്ടുണ്ട് ;

(ബി) സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് റൂൾ പാലിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഈ നിർദ്ദേശം പാലിക്കാത്ത എത്ര പഞ്ചായത്തുകൾ ഉണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ഗുണഭോക്തൃ സമിതി കമ്മീഷൻ വിളിക്കാതെ ഒരു ലക്ഷത്തിനു മേൽ രൂപയുടെ നടീൽവസ്തുക്കൾ സ്വകാര്യ നഴ്സറികളിൽനിന്നും എത്ര പഞ്ചായത്തുകൾ വാങ്ങിയിട്ടുണ്ട്;

(ഇ) തിരുവനന്തപുരം ജില്ലയിൽ ഗ്രാമപഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെ ട്രഷറിയിൽനിന്നും തുക പിൻവലിച്ചത് സംബന്ധിച്ച് പഞ്ചായത്ത് പ്രസിഡന്റിന്റെ പാരതിയിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) അന്വേഷണ റിപ്പോർട്ട് ഗ്രാമപഞ്ചായത്തിനുനൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കിയതിലെ പാകപ്പിഴകളും മറ്റും പരിശോധിക്കുന്നതിന് നിയോഗിക്കപ്പെട്ട വിവിധ ആഡിറ്റ് വിഭാഗങ്ങൾ പരിശോധന നടത്തി റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിച്ചു തുടങ്ങിയിട്ടേയുള്ളൂ. ആകയാൽ ഈ നിർദ്ദേശം ലംഘിച്ച എത്ര തദ്ദേശഭരണസ്ഥാപനങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിട്ടില്ല.

(ഡി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) തിരുവനന്തപുരം ജില്ലയിൽ തൊളിക്കോട് കൃഷി ഭവനിലെ കൃഷി ആഫീസർക്കെതിരെ തൊളിക്കോട് പഞ്ചായത്ത് പ്രസിഡന്റ് നൽകിയ പരാതിയിൻമേൽ കൃഷി ഡയറക്ടറേറ്റിലെ സ്പെഷ്യൽ വിജിലൻസ് സെൽ വിഭാഗം വിജിലൻസ് ആഫീസർ അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൊളിക്കോട് കൃഷിഭവനിലെ കൃഷി ആഫീസറെ തിരുവനന്തപുരം ജില്ലയ്ക്ക് പുറത്ത് സ്ഥലം മാറ്റിയിട്ടുണ്ട്. അച്ചടക്ക നടപടികൾ തുടർന്നുവരുന്നു.

(എഫ്) ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുകയാണെങ്കിൽ നൽകുന്നതാണ്.

102 (394) കേരഫെഡിന്റെ പരസ്യം

ശ്രീ. വി. ജെ. പൗലോസ് :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എം. മുരളി :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരഫെഡിൽനിന്നും ഓരോ വർഷവും പരസ്യത്തിനായി മൊത്തം എത്ര പണം ചെലവായിട്ടുണ്ട്;

(ബി) ഏതൊക്കെ പരസ്യ ഏജൻസികൾ മുഖേനയാണ് പരസ്യം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly